**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2586** **04-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന് കീഴിൽ കോട്ടയം ജില്ലയിലെ മോനിപ്പള്ളിയിൽ എത്ര ഏക്കർ സ്ഥലമാണുള്ളത്; ഇതിൽ എത്ര ഏക്കർ സ്ഥലത്താണ് കോട്ടയം ടെക്സ്റ്റയിൽസ് മിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിൽ കോട്ടയം ജില്ലയിലെ വേദഗിരിയിൽ 21.49 ഏക്കർ സ്ഥലമാണുള്ളത്. ഇതിൽ ഏകദേശം 7 ഏക്കർ സ്ഥലത്താണ് കോട്ടയം ടെക്സ്റ്റൈൽസ് സ്ഥിതി ചെയ്യുന്നത്. |
| (ബി) | ടെക്സ്റ്റയിൽസ് മിൽ പ്രവർത്തിക്കുന്ന ഭാഗം ഒഴികെ ബാക്കി വരുന്ന ഭൂരിഭാഗം സ്ഥലവും ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലത്ത് പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രാവർത്തികമാക്കാവുന്ന സംരംഭങ്ങൾക്കായി മില്ലിന്റെ അധികമുള്ള ഭൂമി വിനിയോഗിക്കുന്നതിന്റെ സാദ്ധ്യതകൾ കെ.എസ്.ടി.സി. പരിശോധിച്ചു വരികയാണ്. മില്ല് നേരിടുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സോളാർ പവർ പ്ലാന്റ് പദ്ധതിയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ പദ്ധതി പ്രകാരമുള്ള സംരംഭങ്ങൾക്കായി മില്ലിന്റെ അധികമുള്ള ഭൂമി വിനിയോഗവും സംബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ടെക്സ്റ്റയിൽ അനുബന്ധ ആധുനിക പരിശീലന കോഴ്സുകളും പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ? | (സി) | കോട്ടയം ടെക്സ്റ്റൈൽസിൽ, ടെക്സ്റ്റൈൽ അനുബന്ധ ആധുനിക പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. ഭാവിയിൽ ഇതു സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ